**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1120.** **10.06.2019 ൽ മറുപടിയ്ക്ക്**

**തലസ്ഥാനത്ത് നിന്ന് ഹാഷിഷ് പിടികൂടിയ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | തലസ്ഥാനത്ത് നിന്ന് രണ്ട് കെയ്സുകളിലായി പന്ത്രണ്ട് കിലോ ഹാഷിഷ് പിടികൂടിയ കേസിൽ അറസ്റ്റിലായ അടിമാലി ചാറ്റുപ്പാറ പാറത്താഴത്ത് വീട്ടിൽ ഷാജിമോന് ഹൈക്കോടതി ജാമ്യം അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയുമോ;എങ്കിൽ വ്യക്തമാക്കാമോ; | (എ) | ബഹു.ഹൈക്കോടതി പ്രതിക്ക് ജാമ്യം നൽകിയതിനെതിരെ എക്സൈസ് വകുപ്പ് ബഹു.ഹൈക്കോടതി മുമ്പാകെ Recall Petition ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത Recall Petition കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളിൽ 180 ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ചാൽ പ്രതികൾ വിചാരണ നേരിടണം എന്നിരിക്കെ ഈ കേസിലെ പ്രതിക്ക് ജാമ്യം ലഭിക്കുവാനിടയായത് കുറ്റപത്രം സമർപ്പിക്കുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായത് കൊണ്ടാണോ; | (ബി) | കുറ്റപത്രം സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. പ്രതിയെ അറസ്റ്റുചെയ്ത് 180 ദിവസത്തിനകം തന്നെ കുറ്റപത്രം ബന്ധപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളുടെ സ്വത്ത് കണ്ടുകെട്ടുവാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ ഈ പ്രതിയുടെ സ്വത്ത് കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ പ്രതി ഷാജിമോന്റെ വസ്തുവകകൾ കണ്ടുകെട്ടിക്കൊണ്ട് എക്സൈസ് വകുപ്പ് ഉത്തരവിറക്കുകയും, ആയത് കേന്ദ്ര സർക്കാരിന്റെ ധനകാര്യവകുപ്പിന്റെ കീഴിലുള്ള എൻ.ഡി.പി.എസ്. ആക്ടിന്റെ വേണ്ടിയുള്ള Competent Authority &Administrator 29.05.2019 F.No.OCA/MDS/2003 & 2004/2019-NDPS ഉത്തരവ് പ്രകാരം സ്ഥിരീകരിച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**